(ഡി) ഇല്ലെങ്കിൽ കാരണം പറയാമോ ;

(ഇ) പമ്പാ ആക്ഷൻപ്ലാൻ സംബന്ധിച്ച ഓരോ പദ്ധതിയുടെയും വിശദാംശം തയ്യാറാക്കി നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റിന് സമർപ്പിച്ചിട്ടുണ്ടോ ; എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി-ഡി) പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ പൂർണ്ണമായ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം തീരുമാനിക്കുന്നതാണ്.

(ഇ) ഉണ്ട്.

മണൽപ്പുറ്റുകൾ നീക്കം ചെയ്യുന്നതിന് നടപടി

65 (2343) ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാനദിയിൽ കോഴഞ്ചേരിക്കും ചെങ്ങന്നൂരിനും ഇടയിലുള്ള സ്ഥലങ്ങളിൽ മണൽപ്പുറ്റുകൾ ഉണ്ടായി പരിസ്ഥിതി പ്രശ്നം ഉളവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ മണൽപ്പുറ്റുകൾ നീക്കം ചെയ്യാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇതിനായി വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവൃത്തി ഏറ്റെടുക്കുന്നതാണ്.

പുഴകളുടെ സംരക്ഷണത്തിനായി പാർശ്വഭിത്തി നിർമ്മാണം

66 (2344) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഴകളുടെ പാർശ്വസംരക്ഷണത്തിനായി പാർശ്വഭിത്തികൾ നിർമ്മിക്കുന്നതിനായി 2001-02, 2002-03 വർഷങ്ങളിൽ കാസർഗോഡ് ജില്ലയിലെ പടന, വലിയപറമ്പ്, തൃക്കരിപ്പൂർ, ചെറുവത്തൂർ നീലേശ്വരം പഞ്ചായത്തുകളിലായി ഏതൊക്കെ പ്രവൃത്തികളാണ് അനുവദിച്ചതെന്നും ഇവക്കെല്ലാമായി എത്ര തുകയാണ് അനുവദിച്ചിരുന്നതെന്നും അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും ഏതൊക്കെ പൂർത്തിയാക്കാൻ ബാക്കിയുള്ളതെന്നും അറിയിക്കാമോ ?

ഉത്തരം

(എ) പടന പഞ്ചായത്ത്

തെക്കേകൊട് നദിയുടെ വടക്കേക്കര സംരക്ഷണം	-	145229
മുണ്ടേമ്മാട് ഐലന്റിന്റെ തെക്കേക്കര സംരക്ഷണഭിത്തി	-	89447
കാരിച്ചിറ പുഴയുടെ വടക്കേക്കര സംരക്ഷണഭിത്തി	-	181503

ചെറുവത്തൂർ പഞ്ചായത്ത്

അഞ്ചാംതുരുത്തി കാരുംകോട് പുഴയുടെ ഇടതുകര സംരക്ഷണഭിത്തി	-	215746
വായിച്ചിറപ്പുഴയുടെ കരസംരക്ഷണഭിത്തി	-	187503
ഓർച്ചപ്പുഴയുടെ വടക്കേക്കര സംരക്ഷണഭിത്തി	-	187503
കണ്ണംകരിപാലത്തിന്റെ തെക്കേക്കര സംരക്ഷണഭിത്തി	-	168223

നീലേശ്വരം പഞ്ചായത്ത്

മുണ്ടേമ്മാട് കാരിയംകോട് പുഴയുടെ വലതുവശത്തെ കരസംരക്ഷണഭിത്തി	-	70469
കാരുംകോട് പുഴയുടെ പുറത്തേക്കൈ എന്ന സ്ഥലത്തെ കരസംരക്ഷണഭിത്തി	-	319965
കരിക്കിലമേട്-കാര്യംകോട് പുഴയുടെ കരസംരക്ഷണപ്രവൃത്തി	-	317914
പള്ളിമണ്ടം-കാര്യംകോട് പുഴയുടെ കരസംരക്ഷണ പ്രവൃത്തി	-	318198
ആകെ അനുവദിച്ച തുക		2201700 രൂപ

(ബി) മേൽ പ്രസ്താവിച്ച എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly